ശിക്ഷിക്കപ്പെട്ടവരാണ്. അതിനാൽ അവരെ മോചിപ്പിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നില്ല.

ശ്രീ. പി ആർ. മാധവൻപിള്ള : രാഷ്ട്രീയകാരണം ചെയ്തിട്ടുള്ള തടവുകാരെ മോചിപ്പിക്കുകയെന്നുള്ളതല്ലേ ഗവണ്മെന്റിന്റെ നയം ?

ശ്രീ. എ. ജെ. ജോൺ : ഇവരെ രാഷ്ട്രീയ കാരണത്തിനല്ല ശിക്ഷിച്ചിട്ടുള്ളത് ; ഇവർ കൊലപാതകമൊക്കെ നടത്തിയിട്ടുള്ളവരാണ്.

യുവജനവിദ്യാർത്ഥി ക്യാമ്പുകൾ.

* 382. [9] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ മദ്ധ്യവേനൽ ഒഴിവുകാലത്തു സംസ്ഥാനത്തു മുഴുക്കെ എത്ര യുവജനവിദ്യാർത്ഥി ക്യാമ്പുകൾ നടത്തി ; എവിടെയൊക്കെ ; എത്രപേർ ഓരോ ക്യാമ്പിലും പങ്കെടുത്തു ; ഓരോ ക്യാമ്പിനും എന്തു തുക വീതം ചെലവായി ; മൊത്തം എത്രപേർ പങ്കെടുത്തു ; മൊത്തം എന്തു തുക ചെലവായി ; എന്തു പ്രയോജനമാണുണ്ടായത് ;

(ബി) ശാസ്താംകോട്ട ക്യാമ്പിൽ എത്രപേർ പങ്കെടുത്തു ; മൊത്തമെന്തു തുക ചെലവായി ; എന്തു നേട്ടമുണ്ടായി ;

(സി) ഈ ക്യാമ്പുകളുടെ ചുമതല വഹിച്ചിരുന്നതു ആരാണ് ; ഈ ക്യാമ്പുകളുടെ പ്രവർത്തനത്തിനു ആവശ്യമായ പ്ലാൻ തയ്യാറാക്കിയതു വർക്കിംഗ് കമ്മിറ്റികളോടാലോചിച്ചാണോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇക്കഴിഞ്ഞ മദ്ധ്യവേനൽ ഒഴിവുകാലത്തു വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെയോ, യൂണിവേഴ്സിറ്റിയുടെയോ ആഭിമുഖ്യത്തിൽ യാതൊരു യുവജനവിദ്യാർത്ഥിക്യാമ്പുകളും നടത്തിയതായി അറിവില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം.

* 383. [10] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകരുടെ ശമ്പളവും അലവൻസും ഗവണ്മെന്റിൽനിന്നും നേരിട്ടു നൽകിത്തുടങ്ങണമെന്നും അവരെ നിയമിക്കാനുള്ള അധികാരം പബ്ലിക് സർവീസ് കമ്മീഷനു നൽകണമെന്നും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) അവരെ സർവീസിൽനിന്നും പിരിച്ചുവിടാൻ പ്രൈവറ്റ് മാനേജുമെന്റുകൾക്കുള്ള അധികാരം അവസാനിപ്പിക്കയും, അവരുടെ മേൽ ശിക്ഷണനടപടികളും ആവശ്യമാണെന്നു വന്നാൽ എടുക്കാനുള്ള അധികാരം വിദ്യാഭ്യാസഡയറക്ടറുടെ മാത്രം നിക്ഷിപ്തമാക്കുകയും ചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഗവണ്മെൻറിൽനിന്നു നേരിട്ടു ശമ്പളവും അലവൻസും പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകന്മാർക്കു കൊടുക്കണമെന്നു നിവേദനം ലഭിച്ചിട്ടില്ല. പ്രൈവറ്റ് സ്കൂളുകളിലെ നിയമനം പബ്ലിക് സർവ്വീസു കമ്മിഷൻ മുഖേന നടത്തണമെന്നു നിവേദനം ലഭിച്ചിട്ടുണ്ട്. ഈ വിഷയം ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്നതേയുള്ളു.

(ബി) പ്രൈവറ്റ് സെക്കൻഡറിസ്കൂൾ സ്കീമിന്റെ നിയമങ്ങളിൽ ഇതുസംബന്ധിച്ചു് വേണ്ട വ്യവസ്ഥകൾ ചെയ്തിട്ടുള്ളതുകൊണ്ടു ചോദ്യത്തിൽ ഉന്നയിച്ചിട്ടുള്ള നടപടികളുടെ ആവശ്യമില്ല.

ശ്രീ. പി. ആർ. മാധവൻപിള്ള: അവരെ സംബന്ധിച്ചിടത്തോളം സർവ്വീസു റിക്രൂട്ടുമെൻറു രൂളുകളിൽ ഭേദഗതി വരുത്തണമെന്നു തിരുവിതാംകൂർ–കൊച്ചിയിലെ അദ്ധ്യാപകസംഘടന ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ആവശ്യപ്പെട്ടിട്ടുള്ളതായി ഓർക്കുന്നില്ല. പ്രൈവറ്റ് സെക്കൻഡറിസ്കൂൾ അദ്ധ്യാപകന്മാരെ ഡിപ്പാർട്ടുമെൻറിന്റെ അനുവാദത്തോടുകൂടി മാത്രമേ പിരിച്ചുവിടാവൂ എന്നാണു് നിലവിലിരിക്കുന്ന ചട്ടം.

ശ്രീ. പി. ആർ. മാധവൻപിള്ള: എൻ. എസ്. എസ്. അദ്ധ്യാപകസംഘം, പ്രൈവറ്റ് സെക്കൻഡറിസ്കൂൾ അദ്ധ്യാപകന്മാരുടെ നിയമനം ഗവണ്മെൻറ് ഏറ്റെടുക്കണമെന്നു കാണിച്ചു് ഗവണ്മെൻറിലേക്കു് പ്രമേയം പാസ്സാക്കി അയച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പബ്ലിക് സർവ്വീസു് കമ്മിഷൻമുഖേന നിയമനം നടത്തണമെന്നു കാണിച്ചു ഒരു നിവേദനം ലഭിച്ചിട്ടുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി: ഇക്കാര്യത്തെപ്പറ്റി ഗവണ്മെൻറ് ആലോചിച്ചുകൊണ്ടിരുന്നിട്ടു് എത്രനാളായി?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രണ്ടുമൂന്നു കൊല്ലക്കാലമായി.

ശ്രീ. പ്രാക്കുളം ഭാസി: ഇതിനെ സംബന്ധിച്ചു പെട്ടെന്നു ഒരു തീരുമാനം ചെയ്യാൻ സാധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സാധിക്കയില്ല.

ശ്രീ. പ്രാക്കുളം ഭാസി: സർ, ഒരു പായിൻറ് ഓഫ് ആർഡർ. ഒരു ചോദ്യം ചോദിച്ചാൽ സാധിക്കുകയില്ല എന്നൊരു മറുപടി മുഖ്യമന്ത്രിക്കു പറയാമോ?

മി. സ്പീക്കർ: സാധിക്കാത്തൊരു കാര്യം സാധിക്കുകയില്ല എന്നാണു് പറയേണ്ടതു്.

ശ്രീ. പ്രാക്കുളം ഭാസി: എന്നുതന്നെ സാധിക്കും എന്നു ചോദിച്ചാൽ ഉത്തരം പറയേണ്ടതു് ഇങ്ങനെയാണോ?

LIBRARY ARCHIVES Kerala Legislative Assembly

മ്. സ്പീക്കർ : ഇപ്പോൾ സാധിക്കുകയില്ലെന്നാണ് പറഞ്ഞതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, സാധിക്കുകയില്ല എന്ന വാക്കിനു രണ്ടു തരത്തിൽ അർത്ഥമുണ്ടു്; 'inability' എന്നും unwilling എന്നും. ഞാൻ inability എന്ന അർത്ഥത്തിലാണു് ആ പദം ഉപയോഗിച്ചതു്.

ശ്രീ. പി. ആർ. മാധവൻപിള്ള : പ്രൈവറ്റ് സെക്കൻഡറി സ്കൂളുകളിൽ പണ്ടും അഞ്ചുകും ശുപ വാങ്ങിക്കൊണ്ടാണു് അവിടത്തെ മാനേജുമെൻറ് അദ്ധ്യാപകന്മാരെ നിയമിക്കുന്നതു് എന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ ഒരു പരാതി കേൾക്കുന്നുണ്ടു്.

ശ്രീ. എ. എ. ഡി. ലൂയിസ് : സെൻട്രൽ പ്ലാനിംഗ് കമ്മിറ്റി അദ്ധ്യാപകന്മാരുടെ ശമ്പളക്കുടുതലിനു വേണ്ടി എന്തെങ്കിലും നിർദ്ദേശങ്ങൾ തന്നിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുള്ളതായി അറിവില്ല. ഇൻഡ്യാഗവൺമെൻറിൻറെ പ്ലാനിംഗ് കമ്മിറ്റി അദ്ധ്യാപകന്മാരുടെ നിലവാരം ഉയർത്തുന്നതിനെപ്പറ്റി അവരുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടു്. ഈ സ്റ്റേറ്റിനു അദ്ധ്യാപകന്മാരുടെ ശമ്പളം സാരമായി കൂട്ടണമെന്നുദ്ദേശമുണ്ടെന്നും, അതിലേക്കു് പ്ലാനിംഗ് കമ്മിറ്റി വേണ്ട സഹായം ചെയ്യണമെന്നും ഈ ഗവൺമെൻറ് കമ്മിറ്റിയെ അറിയിച്ചിട്ടുണ്ടു്. അതിനു അനുഭാവപൂർവ്വമായ മറുപടിയും ലഭിച്ചിട്ടുണ്ടു്.

ശ്രീ. പി. ആർ. മാധവൻപിള്ള : ശുപ വാങ്ങിക്കൊണ്ടാണു് അദ്ധ്യാപകന്മാരെ നിയമിക്കുന്നതെന്നുള്ള പരാതി ഉണ്ടെന്നു പറഞ്ഞു. അതിനെപ്പറ്റി ഗവണ്മെൻറ് അന്വേഷിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എങ്ങനെയാണു അന്വേഷണം നടത്തേണ്ടതെന്നു മനസ്സിലാകുന്നില്ല.

ശ്രീ. പി. ആർ. മാധവൻപിള്ള : അങ്ങനെ ഗവണ്മെൻറ് ഇതിനെപ്പറ്റി അന്വേഷിക്കാതിരിക്കുന്നു എങ്കിൽ തൻമൂലം പല കുഴപ്പങ്ങളും ഉണ്ടാകുമെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ പ്രവൃത്തി വിധ്വംസകമായ ഒന്നാണെന്നു സംശയമില്ല.

ശ്രീ. പി. ആർ. മാധവൻപിള്ള : അങ്ങനെ പൈസ വാങ്ങി നിയമിക്കപ്പെട്ട അദ്ധ്യാപകന്മാരെ പിരിച്ചു വിട്ടിട്ടുണ്ടെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പൈസ വാങ്ങി നിയമിക്കുന്നവരെമാത്രമല്ല, ആരേയും പിരിച്ചുവിടുന്നതു ശരിയല്ല. പൈസ വാങ്ങിച്ചു നിയമിക്കുന്നവരെ പിരിച്ചുവിടുമ്പോൾ വാങ്ങിച്ച പൈസ എങ്കിലും തിരിയെ കൊടുക്കണം.

ശ്രീ. പി. ആർ. മാധവൻപിള്ള : മൂവാറ്റുപുഴയിൽ ഒരു സ്കൂളിൽ അങ്ങനെ പിരിച്ചു വിട്ടതായി പരാതി ലഭിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇങ്ങനെയുള്ള ഇൻഡിവിഡുവൽ കേസുകൾ പറഞ്ഞാൽ ഓർമ്മ വരികയില്ല.

പല സ്കൂളുകളിലും മാനേജ്മെൻറിന്റെമേൽ അപ്പീൽ ഡിപ്പാർട്ട്മെൻറ തീരുമാനം ചെയ്തിട്ടുണ്ട്. മാനേജ്മെൻറിനു അനുകൂലമായും പ്രതികൂലമായും തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അങ്ങനെ കണ്ടെത്തിയാൽ ഈ മാനേജ്മെൻറിനെ എന്തു ചെയ്യാൻ ഗവണ്മെൻറിനു അധികാരം ഉണ്ട് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിലേക്ക് ഗവണ്മെൻറിനു പല അധികാരങ്ങളുമുണ്ട്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : എപ്പോഴെങ്കിലും ഗവണ്മെൻറ് ആ അധികാരം ഉപയോഗിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പലപ്പോഴും ഉപയോഗിച്ചിട്ടുണ്ട്

ശ്രീ. സി. എ. മാത്യു : എപ്പോഴെങ്കിലും മാനേജ്മെൻറുകൾ അദ്ധ്യാപകന്മാരെ നിയമിക്കുമ്പോൾ അവരുടെ രജിസ്ട്രേഷൻ കൂടി സ്വീകരിച്ചിട്ടുള്ളതായി അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കേട്ടിട്ടില്ല.

ശ്രീ. പി. നാരായണൻ പോറ്റി : സെക്കൻഡറിസ്കൂളുകളുടെ ഭരണപരിഷ്കാരം സംബന്ധിച്ച് ആലോചിക്കുവാനായി ഒരു കമ്മിറ്റിയെ ഗവണ്മെൻറ നിയമിച്ചിട്ടുണ്ടോ ?

മി. സ്പീക്കർ : അതൊരു പ്രത്യേക ചോദ്യമായി ചോദിക്കേണ്ടതാണ്.

ശ്രീ. പി. നാരായണൻ പോറ്റി : സർ, അവരുടെ ശമ്പളപ്രശ്നത്തെപ്പറ്റി കമ്മിറ്റി ആലോചിക്കുന്നുണ്ടോ എന്നറിയുന്നതിനാണ് ചോദിച്ചത്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കമ്മിറ്റി പല കാര്യങ്ങളെപ്പറ്റിയും ആലോചിക്കുന്നതാണ്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഈ അദ്ധ്യാപകന്മാരെ നിയമിക്കുവാനുള്ള അധികാരം മാനേജ്മെൻറിനുള്ളതുകൊണ്ടാണ് ഈ കഴുപ്പങ്ങളെല്ലാം ഉണ്ടാകുന്നതെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ അറിവില്ല.

ശ്രീമതി കെ. ആർ. ഗൗരി : പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാർക്ക് ഗവണ്മെൻറ് സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം കൊടുക്കുന്നതിനുള്ള നടപടി എടുക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവർക്ക് ഗവണ്മെൻറ് തോതിലുള്ള ശമ്പളം കൊടുക്കുന്നതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതിലേക്ക് മാനേജ്മെൻറിനെ നിബ്ബന്ധിച്ചുകൊണ്ടിരിക്കുകയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : അങ്ങനെ നിർബന്ധിച്ചിട്ടും ഏതെങ്കിലും ഒരു സ്കൂളിൽ ഗവണ്മെൻറ് നിരക്കിനുള്ള ശമ്പളം കൊടുത്തിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഓരോ സ്കൂളിനായിട്ടല്ല നടപടി നടത്തുന്നത്. അതു് ഒരു സ്കീമായി എടുത്തു നടപ്പിൽ വരുത്തുവാനുള്ള നടപടിയാണു് എടുക്കുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി : ഇക്കാര്യം കഴിഞ്ഞ നിയമസഭയിലും ഗവണ്മെൻറ്മാഗത്തുനിന്നും പറഞ്ഞിട്ടുള്ളതാണു്. അതിനു ശേഷം അതിനെന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നല്ല പുരോഗതി ഉണ്ടായിട്ടുണ്ടു്.

ശ്രീ. സി. എ. മാത്യു : പേ കമ്മീഷൻ റിപ്പോർട്ടിൽ ഇവരുടെ ശമ്പളം കൂട്ടേണ്ടതാണെന്നു പറഞ്ഞിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടോ എന്നു നിശ്ചയമില്ല.

ശ്രീ. സി. എ. മാത്യു : ജൂലൈ 20–ാംനു നടന്ന കാൺഫറൻസിൽ വച്ചു് പേ കമ്മീഷൻ റിപ്പോർട്ട് വന്നതിനുശേഷം ഇവരുടെ ശമ്പള പരിഷ്കാരത്തെപ്പറ്റി ആലോചിക്കാമെന്നു മുഖ്യമന്ത്രി പറഞ്ഞിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടായിരിക്കാം.

ശ്രീ. കെ. പി. ഹർമിസ് : നിയമനാധികാരം മാനേജ്മെൻറിനു കൊടുത്തുകൊണ്ടു നിയമിക്കുന്നതിനെസംബന്ധിച്ചു കർശനമായ വ്യവസ്ഥകൾ ഏർപ്പെടുത്തുന്നതിൽ വിരോധമുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ചോദ്യോത്തരവേളയിൽ ഇങ്ങനെയുള്ള ചോദ്യങ്ങൾ ചോദിച്ചാൽ ശരിയായ ഉത്തരം പറയാൻ സാദ്ധ്യമാകയില്ല.

ശ്രീ. എ. താണുപിള്ള : ഈ പ്രൈവറ്റ സ്കൂളുകളെല്ലാം ഗവണ്മെൻറ് ഏറ്റെടുത്തു നടത്തുന്നതിനെപ്പറ്റി ഗവണ്മെൻറാലോചിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പ്രൈവറ്റ സ്കൂളുകളെല്ലാം സർക്കാർ ഏറ്റെടുത്തു നടത്തുന്നതിനു ചില സാങ്കേതികവും കാൺസ്റ്റിറ്റ്യൂഷൻ സംബന്ധമായും ഉള്ള തടസ്സങ്ങൾ ഉണ്ടു്.

ശ്രീ. എ. താണുപിള്ള : ആ തടസ്സങ്ങൾ നീക്കുന്നതിനുള്ള നടപടി നടത്തുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആദ്യമായി കാൺസ്റ്റിറ്റ്യൂഷനിലെ വ്യവസ്ഥകൾ മാറണം. അതിലേക്കു് ഈ സഭയിൽനിന്നു തന്നെ ഒരു പ്രമേയം പാസ്സാക്കിയയയ്ക്കണം.

ശ്രീ. എം. വി. ചെറിയാൻ : എല്ലാ സ്കൂളുകളിലേയും മാനേജ്മെൻറ് സ്ത്രീജനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണെന്നു ഗവണ്മെൻറിനു് വിചാരമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എനിക്ക് ഗവണ്മെന്റ് വിചാരിക്കുന്നില്ല.

ശ്രീ. എം. വി. ചെറിയാൻ : അഴിമതി നടത്തുന്ന മാനേജ്മെന്റുകളുടെ പേരിൽ നടപടികൾ സ്വീകരിക്കുകയും, അല്ലാത്തവരുടെ പേരിൽ യാതൊന്നും നടത്താതിരിക്കുകയും ചെയ്യാതിരിക്കുന്നതല്ലേ ശരിയായ നടപടി.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അക്കാര്യത്തെപ്പറ്റി എല്ലാം ഗവണ്മെന്റ് ആലോചിച്ചുവരുന്നതേയുള്ളൂ.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇന്ന മാനേജ്മെന്റിന്റെ പേരിൽ നടപടി നടത്തുവാൻ ഗവണ്മെന്റിനു അധികാരമില്ലെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നിലവിലിരിക്കുന്ന ചട്ടപ്രകാരം ചില കാര്യങ്ങളിൽ അവരെ നിയന്ത്രിക്കുന്നതിനുള്ള അധികാരം ഗവണ്മെന്റിനുണ്ട്. പൂർണ്ണമായ നിയന്ത്രണം വേണമെന്നുണ്ടെങ്കിൽ അതിലേക്കു പ്രത്യേക ലെജിസ്ലേഷൻതന്നെ വേണം.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അദ്ധ്യാപകന്മാർക്കു ശമ്പളം കൊടുക്കുന്നതിനും, മാനേജ്മെന്റ് സ്കൂളുകളുടെ മേൽ ഗവണ്മെന്റിനു നിയന്ത്രണം ഏർപ്പെടുത്തുന്നതിനും കോൺസ്റ്റിറ്റ്യൂഷൻ ബാധകമാണെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് നിഷ്കർഷയായി പഠിച്ചു പറയേണ്ട ഒരു കാര്യമാണു്.

ശ്രീ. എ. താണുപിള്ള : കോൺസ്റ്റിറ്റ്യൂഷൻ ഇക്കാര്യത്തിൽ തടസ്സമായി നിൽക്കുന്നു എന്നു പറഞ്ഞല്ലോ ; അതെങ്ങനെയാണെന്നു മനസ്സിലായില്ല.

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ ചോദ്യോത്തരസമയത്തിനുവേണ്ടി കരുതിക്കൂട്ടിയുണ്ടാക്കാവുന്ന ഒരു സംഗതിയല്ല അതു്.

ശ്രീ. എ. താണുപിള്ള : പ്രൈവറ്റ സ്കൂളുകൾ വേണമെന്നുള്ളവർ അതു വച്ചുകൊള്ളട്ടെ. ഗവണ്മെന്റ് അതിനംഗീകാരം കൊടുക്കാതിരുന്നാൽ മതി. അങ്ങനെയൊരു നിലവരാതിരിക്കുന്നിടത്തോളം കാലം ഇത്തരം കഴുങ്ങുകൾക്കു അവസാനം ഉണ്ടാകുമെന്നു പോകുന്നില്ലെന്നു ഗവണ്മെന്റ് ധരിക്കേണ്ടതാണു്.

MR. SPEAKER : That is a suggestion.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഈ പ്രൈവറ്റ സെക്കൻഡറി സ്കൂൾ പ്രൈവറ്റ് സെക്ടറിലെ ഒരു വ്യവസായമായിട്ടാണോ ഗവണ്മെന്റ് കരുതിക്കൂട്ടിയിരിക്കുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അല്ല.

LIBRARY ARCHIVES Kerala Legislative Assembly